II.ഇ.ബി. XII--കേരള നിയമസഭ/IV--13

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ–സംഗ്രഹം

2007 മാർച്ച് 22, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

84 (*361) സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് നടപടി

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, സ്വകാര്യ മേഖലയിൽ കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി ഇന്ത്യയ്ക്ക് അകത്തും പുറത്തും റോഡ്ഷോകൾ നടത്തുവാനുള്ള പദ്ധതിയുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിനുമുന്നോടിയായി പ്രാദേശിക നിക്ഷേപകരെ ആകർഷിക്കാൻ കണ്ണൂർ, കോട്ടയം, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിക്ഷേപകരുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയുണ്ടായി. സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട് (പാലക്കാട്), ബയോടെക്നോളജി പാർക്ക്, കളമശ്ശേരി (കൊച്ചി), ഇന്റർനാഷണൽ ട്രേഡ് ആന്റ് കൺവെൻഷൻ സെന്റർ (കൊച്ചി), കാക്കനാടുള്ള കിൻഫ്രാ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാംഘട്ട വികസനം, നോളജ് പാർക്ക് (തൃശ്ശൂർ), ജെം ആന്റ് ജുവലറി പാർക്ക് –

കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി (കൊച്ചി), മെഗാ ഫുഡ് പാർക്ക് (വയനാട്), സ്പൈസസ് പാർക്ക് (ഇടുക്കി), കിൻഫ്രാ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലകളായ അനിമേഷൻ ആന്റ് ഗേമിംഗ്, ഇലക്ട്രോണിക്സ് ആന്റ് ഹാർഡ്‌വെയർ, ഫുഡ് പ്രോസസ്സിംഗ് എന്നീ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ കൈവശമുള്ള കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ ജില്ലകളിലെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ പുതിയ വ്യവസായ സംരംഭകരെ കൊണ്ടുവരാൻ തീവ്രശ്രമം നടത്തിവരികയാണ്. ഈ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. സ്വകാര്യ നിക്ഷേപകരെ ആകർഷിക്കാൻ സ്വീകരിച്ച നടപടികളുടെ ഫലമായി ഏകദേശം 2400 കോടി രൂപ മുതൽമുടക്കുള്ള 53 ധാരണാപത്രങ്ങൾ ഒപ്പിടുകയും 318 കോടി രൂപ മൂലധനം വരുന്ന 27 പുതിയ പ്രോജക്ടുകൾക്ക് ധനസഹായത്തിനായി കെ.എസ്.ഐ.ഡി.സി.യെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് സംഘടിപ്പിച്ച ആഗോള നിക്ഷേപക സംഗമംവഴി 377 കോടിയോളം രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്. ഈ ഗവൺമെന്റും അത്തരത്തിലുള്ള നിക്ഷേപക സംഗമങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രത്യേക സാമ്പത്തിക മേഖലകൾക്ക് അനുമതി കൊടുക്കുന്നുണ്ടെങ്കിൽ കേരളം അതിൽ നിന്ന് മാറി നിൽക്കേണ്ടതില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. കേരളത്തിന് അനുയോജ്യമായ രീതിയിലായിരിക്കണം അത്തരം സാമ്പത്തിക മേഖലകൾ സ്ഥാപിക്കേണ്ടത്. അതുപോലെ സംസ്ഥാനത്തിന് അനുയോജ്യമായ വിദേശ നിക്ഷേപം വരുന്നതിനും സർക്കാർ എതിരല്ല. നിക്ഷേപക സമ്മേളനത്തിനുശേഷം വിവിധ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും

റിവ്യൂ മീറ്റിംഗ് ചേർന്ന് ഓരോ ജില്ലയിലും നിക്ഷേപക സംരംഭകരുടെ അപേക്ഷ കിട്ടുന്ന മുറയ്ക്ക് അതിവേഗം അനുമതി നൽകുന്നതിന് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ വ്യവസായസംരംഭകരെ ആകർഷിക്കുന്നതിനായി വ്യവസായ വകുപ്പിനെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷനെന്ന നിലയിൽ മാറ്റുന്നതിനും നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സിംഗിൾ വിൻഡോ ആക്ട് ഭേദഗതി ചെയ്യുന്നതിനും ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. നിലവിലുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനത്തിലെ ദുർബലതകൾ പരിഹരിച്ച് നിക്ഷേപകരെ സഹായിക്കുന്ന രൂപത്തിൽ കാലോചിതമായ മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ നിക്ഷേപക സൗഹൃദ അന്തരീക്ഷമുള്ള സംസ്ഥാനങ്ങളിൽ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്. വ്യവസായികൾ, ട്രേഡ് യൂണിയനുകൾ, മാധ്യമങ്ങളിലെ ബിസിനസ് പേജ് കൈകാര്യം ചെയ്യുന്ന പത്ര പ്രവർത്തകർ എന്നിവരുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് സമവായത്തോടുകൂടി വ്യവസായത്തെ സംബന്ധിച്ച ഒരു ദീർഘകാല പദ്ധതി ആവിഷ്ക്കരിക്കുന്നതിന് സർക്കാർ ഒരുക്കമാണ്. കേരളത്തിലെ ഭക്ഷ്യസംസ്ക്കരണത്തിന് കേന്ദ്ര ഭക്ഷ്യ വകുപ്പ് പ്രോത്സാഹനം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. കർഷകരേയും കാർഷികാധിഷ്ഠിത വ്യവസായങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമഗ്രമായ ഒരു നയം ഗവൺമെന്റ് പ്രഖ്യാപിക്കുന്നതാണ്. പഞ്ചായത്തുകൾ സൗജന്യമായി സ്ഥലം ലഭ്യമാക്കിയാൽ അവിടെ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന സംവിധാനം സിഡ്കോ ഏർപ്പെടുത്തുന്നതാണ്. 5000 കോടി രൂപയുടെ മുതൽമുടക്കുവരുന്ന ശോഭാ ഗ്രൂപ്പിന്റെ ഹൈടെക് സിറ്റിയുടെ പ്രാരംഭ പ്രവർത്തനം എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ

54,000 പേർക്ക് തൊഴിലവസരങ്ങളുണ്ടാകുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഒരു ഇലക്ട്രോണിക് ഹബ് എറണാകുളത്ത് സ്ഥാപിക്കുന്നതിനുള്ള ശ്രമവും നടത്തിക്കൊണ്ടിരിക്കുകയാണ്. മലപ്പുറത്തെ നിക്ഷേപക സമ്മേളനത്തിൽ ഏതാനും ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. അതിൽ ഒരു സംരംഭകൻ കെ.എസ്.ഐ.ഡി.സി.യുടെ മലപ്പുറം ഗ്രോത്ത് സെന്ററിൽ ആറുമാസത്തിനുള്ളിൽ ഒരു ഗാർമെന്റ് പാർക്ക് അരംഭിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചതിനെത്തുടർന്ന് സ്ഥലമെടുത്തുകൊടുക്കാനുള്ള നടപടി നടന്നുവരികയാണ്. വിദേശ മലയാളികൾക്ക് കൂടുതൽ പരിഗണന നൽകിക്കൊണ്ട് സ്വകാര്യ നിക്ഷേപകരുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി 26% ഗവൺമെന്റ് ഷെയറും 74% സ്വകാര്യ വ്യക്തികളിൽ നിന്നുള്ള ഷെയറുമുപയോഗിച്ച് ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന കമ്പനി രൂപീകരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അടഞ്ഞുകിടക്കുന്ന ട്രാവൻകൂർ റയോൺസ് പുനരുദ്ധരിക്കാനായി മുന്നോട്ടുവന്ന .പ്രൊമോട്ടറുമായി ചർച്ച ചെയ്ത് വൺടൈം സെറ്റിൽമെന്റിലൂടെ ബാങ്കുകളുടെ ബാധ്യത തീർക്കാനുള്ള ധാരണയിലെത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും ഉദ്യോഗസ്ഥരുമായുള്ള ചർച്ചയെത്തുടർന്ന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ണൂർ പവർ പ്രോജക്ടുമായി ബന്ധപ്പെട്ട് ഒരു സംരംഭകൻ ഗവൺമെന്റിനെ സമീപിച്ചതിനെത്തുടർന്ന് അതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിട്ടിയാൽ മറ്റു നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ്

തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് റോഡ് നിർമ്മിക്കുന്നതിന് കിൻഫ്രയ്ക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. കണ്ണൂരിൽ ആധുനിക രീതിയിലുള്ള ഒരു ഗാർമെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.യുടെ കൈവശമുള്ള 300 ഏക്കറോളം വരുന്ന ഭൂമിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സാറ്റലൈറ്റ് സിറ്റിയുടെ പ്രോജക്ട് ഗവൺമെന്റിന്റെ പരിശോധനയിലാണ്. കാസർഗോഡ് ജില്ലയിൽ നടന്ന നിക്ഷേപക സമ്മേളനത്തെത്തുടർന്ന് ധാരണാപത്രം ഒപ്പുവച്ചവരുടെ പ്രോജക്ട് റിപ്പോർട്ടുകൾ കെ.എസ്.ഐ.ഡി.സി.യും കിൻഫ്രയും പരിശോധിച്ചുവരികയാണ്. ജലവിഭവ വകുപ്പുമന്ത്രിയുമായി ആലോചിച്ച് മലപ്പുറത്ത് വ്യവസായങ്ങൾക്കാവശ്യമായ വാട്ടർ സപ്ലൈ സ്കീം പ്രാവർത്തികമാക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റും കേന്ദ്രസർക്കാരിന്റെ സ്പൈസസ് ബോർഡും ചേർന്ന് വയനാട്ടിൽ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മണ്ഡലത്തിലെ കെ.എസ്.ഐ.ഡി.സി. വളർച്ചാകേന്ദ്രം സംഘടിപ്പിച്ച നിക്ഷേപക സംഗമത്തെത്തുടർന്ന് വലിയവെളിച്ചത്ത് ഒരു അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 250-ഓളം ആളുകൾക്ക് പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്.. അവിടെ കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ വൈദ്യുതിയും ജലവിതരണവും ലഭ്യമാക്കുന്നതിനും റോഡ് വികസനത്തിനുമുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കേരള ഹൈടെക് ഇൻഡസ്ട്രീസ് കേന്ദ്ര പ്രതിരോധ വകുപ്പ്

ഏറ്റെടുക്കണമെന്ന കേരളത്തിലെ എം.പി.മാരുടെയും ട്രേഡ് യൂണിയനുകളുടെയും ആവശ്യത്തെത്തുടർന്ന് പ്രസ്തുത സ്ഥാപനം കേന്ദ്ര പ്രതിരോധ വകുപ്പിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 300 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിനായി ജില്ലാതലത്തിൽ പ്രാദേശിക നിക്ഷേപക ശ്രമങ്ങൾ നടത്തിവരുന്നതുകൂടാതെ ജൂൺ, ജൂലൈ മാസങ്ങളിൽ എറണാകുളത്ത് ഒരു ബിസിനസ് ടെക്നോളജി മീറ്റ് നടത്താനും നടപടി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വികസനത്തിന് വളരെയധികം സാധ്യതയുള്ള തൃശ്ശൂർ ജില്ലയിൽ പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തി സമഗ്രമായ ഒരു വ്യവസായ പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട്. കെ.എഫ്.സി.യെ സംബന്ധിച്ച് വ്യവസായ സംരംഭകർക്കിടയിലുള്ള ആക്ഷേപം പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഓരോ ജില്ലയുടെയും പ്രത്യേകതയും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന സംരംഭകർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതാണ്. കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാണെന്നുള്ള സന്ദേശം മറ്റു സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്കു പുറത്തും എത്തിക്കുന്നതിന് എല്ലാവരുടെയും കൂട്ടായ പരിശ്രമം ആവശ്യമായതിനാൽ അതിനുള്ള എല്ലാ നിർദ്ദേശവും സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

85 (*362 & *382) നഴ്സിംഗ് പഠനം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, നഴ്സിംഗ് വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി 2006-2007-ലെ ബഡ്ജറ്റിൽ 8 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആലപ്പുഴ, തൃശ്ശൂർ എന്നീ പുതിയ നഴ്സിംഗ് കോളേജുകളുടെ നിർമ്മാണത്തിനായുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണിച്ചുവരുന്നു. പഠന സാമഗ്രികൾ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയവയ്ക്കായും തുക അനുവദിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലെ നഴ്സിംഗ് കോളേജുകളുടെ വികസനത്തിനായി അധിക തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാനത്തെ നഴ്സിംഗ് സ്കൂളുകൾ ഘട്ടംഘട്ടമായി നഴ്സിംഗ് കോളേജുകളായി ഉയർത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുകയും നിലവിലുള്ള കൊല്ലം, ഇടുക്കി, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ നഴ്സിംഗ് സ്കൂളുകൾ വിപുലീകരിക്കുന്നതിനും എറണാകുളം, കണ്ണൂർ, കാസർഗോഡ് പാലക്കാട് എന്നിവിടങ്ങളിൽ പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യവും സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു. പുതുക്കിയ നഴ്സിംഗ് പഠന സിലബസ് അനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും നഴ്സിംഗ് സ്കൂളുകളിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. നഴ്സിംഗ് സ്ക്കൂളുകളിൽ ആദ്യവർഷം 20 പേർക്കാണ് അഡ്മിഷൻ നൽകുന്നത്. വേണ്ടത്ര സൗകര്യങ്ങൾ ഉള്ള പക്ഷം 50 പേർക്കു വരെ അഡ്മിഷൻ നൽകാറുണ്ട്. നഴ്സിംഗ് വിദ്യാഭ്യാസത്തിന് കൂടുതൽ പ്രായോഗിക പരിശീലനം ആവശ്യമാണ്. നഴ്സിംഗ് സ്കൂളുകൾ

ഘട്ടംഘട്ടമായി നഴ്സിംഗ് കോളേജുകളായി ഉയർത്തുന്നതാണ്. ഇതിനുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു. ആലപ്പുഴ, തൃശ്ശൂർ, എന്നിവിടങ്ങളിൽ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് രണ്ട് സർക്കാർ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുകയും 118 പേർക്ക് അഡ്മിഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ കോളേജുകൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും നിലവിലുള്ള നഴ്സിംഗ് കോളേജുകളുടെയും പുതിയ നഴ്സിംഗ് കോളേജുകളുടെയും മറ്റു വികസനാവശ്യങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ സജീവമായി പരിഗണിച്ചുവരികയും ചെയ്യുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിലെ സൗകര്യങ്ങളും അദ്ധ്യാപക അദ്ധ്യാപകേതര തസ്തികകൾ, ക്ളാസ് മുറികൾ, ലാബുകൾ, ലൈബ്രറി, പഠനോപകരണങ്ങൾ വാഹനസൗകര്യം തുടങ്ങിയ അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്ന മുറയ്ക്ക് നഴ്സിംഗ് കോളേജുകളിലെ സീറ്റുകൾ വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് അഡ്മിഷൻ ലഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. നഴ്സിംഗ് പഠനം കഴിഞ്ഞ ആയിരക്കണക്കിന് കുട്ടികൾ സംസ്ഥാനത്തിനുപുറത്തും വിദേശരാജ്യങ്ങളിലും ജോലിക്കുപോകുന്നുണ്ട്. ബി.എസ്.സി. നഴ്സിംഗ് കഴിഞ്ഞാൽ വിദേശത്ത് ജോലി സാധ്യത വളരെ കൂടുതലാണെങ്കിലും കേരളത്തിൽ കുറവാണ്. സംസ്ഥാനത്തെ ആശുപത്രികളിൽ 1961–ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും തുടരുന്നത്. നഴ്സിംഗ് കൗൺസിൽ ഓഫ് ഇന്ത്യയുടെയും ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെയും നിർദ്ദേശമനുസരിച്ച് 4:1 എന്ന അനുപാതത്തിലുള്ള സ്റ്റാഫ് പാറ്റേൺ ആണ് വേണ്ടത്. ആരോഗ്യകേരളം

പദ്ധതിയുടെ ഭാഗമായി ഇന്നുള്ള സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തി ഒരു ജില്ലയിൽ 50 നഴ്സുമാരെവീതം റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ടുപയോഗിച്ച് നിയമിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് മേഖലയിൽ കൂടുതൽ നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നകാര്യം സജീവ പരിഗണനയിലാണ്. ഗവൺമെന്റ് മേഖലയിൽ 15 ജനറൽ നഴ്സിംഗ് സ്ക്കൂളുകളും 5 കോളേജുകളുമുണ്ട്. ജനറൽ നഴ്സിംഗിന് ചില സ്ക്കൂളുകളിൽ 30 സീറ്റുവരെയുണ്ട്. സ്വകാര്യമേഖലയിൽ 59 നഴ്സിംഗ് കോളേജുകളും 191 നഴ്സിംഗ് സ്ക്കൂളുകളുമുണ്ട്. ഇവയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പഠനം നടത്തുന്നതാണ്. ആരോഗ്യകേരളം പദ്ധതിയുടെ ഭാഗമായി നഴ്സിംഗ് രംഗത്തെ കുട്ടികൾക്ക് സഹായകരമായ ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നഴ്സിംഗ് കോളേജ് ഇല്ലാത്ത ജില്ലകളിൽ എല്ലാ സൗകര്യങ്ങളോടുംകൂടിയ നഴ്സിംഗ് കോളേജുകൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ദരിദ്ര വിഭാഗത്തിലെ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്ന വിധത്തിൽ സർക്കാർ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലുള്ളതുപോലെ പ്രതിബദ്ധതയോടുകൂടിയും കമ്മിറ്റുമെന്റോടുകൂടിയും പ്രവർത്തിക്കുന്ന നഴ്സുമാർ മറ്റു സംസ്ഥാനങ്ങളിൽ വളരെ കുറവാണ്. വിദേശരാജ്യങ്ങളിൽ ജോലിക്കുപോകുന്ന നഴ്സുമാരുടെ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. 100 ബെഡ്ഡിനുമുകളിലുള്ള ആശുപത്രികളിൽ കൂടുതൽ നഴ്സുമാരെ നിയമിക്കുന്നതിനും അവരുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നഴ്സിംഗ് കോളേജുകളിൽ പി.ജി.സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് നഴ്സിംഗ്

കോളേജിലെ പി.ജി. കുട്ടികൾക്കുവേണ്ടി 50 ലക്ഷം രൂപയുടെ ഹോസ്റ്റൽ പണിയുന്നതിന് അംഗീകാരവും ഭരണാനുമതിയും നൽകിയിട്ടുണ്ട്. കഴിഞ്ഞ 10 മാസത്തിനുള്ളിൽ 16000–ത്തോളം നഴ്സുമാർക്ക് പി.എസ്.സി. വഴിയും പി.എസ്.സി. ലിസ്റ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ ബോണ്ട് മുഖേനയും നിയമനം നൽകിയിട്ടുണ്ട്. ഏതെങ്കിലും ആശുപത്രിയിൽ റിട്ടയർ ചെയ്യുന്ന ഒഴിവിലോ പ്രസവാവധിയുടെ ഒഴിവിലോ നഴ്സിന്റെ ഒഴിവ് വരികയാണെങ്കിൽ അതാത് ഡി.എം.ഒ.യുമായി ബന്ധപ്പെട്ട് അത് നികത്തുന്നതിനുള്ള നിർദ്ദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. നഴ്സിംഗ് കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത കർണാടക നഴ്സിംഗ് സ്ഥാപനത്തിലെ മലയാളി വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നം വളരെ ഗൗരവമായെടുക്കുകയും അവിടത്തെ ആരോഗ്യവകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതുമാണ്. ഇന്നത്തെ ജീവിത സാഹചര്യത്തിൽ ഹോം നഴ്സുമാരുടെ സേവനം ആവശ്യമാണെന്നതിനാൽ കാലഘട്ടത്തിന് യോജിച്ചവിധത്തിൽ സേവനവും സുരക്ഷയും പ്രൈമറി ചികിത്സയുടെ അറിവും ഹോം നഴ്സുമാരിൽ ഉണ്ടാകത്തക്ക വിധത്തിൽ അവർക്ക് പരിശീലനം നൽകുന്നതിന് റെഡ്ക്രോസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒരു ഹോം നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

86 (*363) <u>സ്പീഡ് ഗവർണറുകൾ</u>

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന മുഴുവൻ സ്റ്റേജ് ക്യാരേജുകളിലും മറ്റു ഹെവി ട്രാൻസ്പോർട്ട്

വാഹനങ്ങളിലും സ്പീഡ് ഗവർണർ ഘടിപ്പിക്കണമെന്ന കോടതി ഉത്തരവ് 28–2–2007 മുതൽ രണ്ടു മാസത്തിനകം പൂർണ്ണമായും പാലിച്ചിരിക്കണമെന്ന് സുപ്രീം കോടതിയിൽ നിന്ന് കർശന നിർദ്ദേശം കിട്ടിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കോടതി നിർദ്ദേശത്തിന്റെ അടിസ്ഥനത്തിൽ സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത വാഹനങ്ങൾക്ക് വകുപ്പിൽനിന്ന് സേവനങ്ങൾ ഒന്നുംതന്നെ നൽകേണ്ടതില്ലെന്ന് ഉത്തരവ് നൽകുകയും അതുസംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 14.3.2007–ൽ മുഖ്യമന്ത്രി, ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി, തൊഴിലും എക്സൈസും വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി, ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി എന്നിവരും ഉദ്യോഗസ്ഥരും ചേർന്ന് നടപടികൾ വിലയിരുത്തിയിട്ടുണ്ട്. ഭാര വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിക്കൊണ്ട് 29–7–2006–ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എത്ര വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുണ്ടെന്നുള്ളതു സംബന്ധിച്ച കണക്കെടുപ്പ് പ്രായോഗികമല്ല. എന്നാൽ മോട്ടോർ വാഹന വകുപ്പിൽ വിവിധ സർവ്വീസുകൾക്കായി എത്തിയിട്ടുള്ള 25000–ത്തോളം വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുള്ളതായി പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ഈ കാലയളവിൽ എത്തേണ്ടതില്ലാത്ത നിരവധി വാഹനങ്ങളിലും സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുണ്ട്. മുഴുവൻ സ്റ്റേജ് കാര്യേജുകളിലും ഭാരവാഹനങ്ങളിലും ഏപ്രിൽ 15–ന് മുൻപുതന്നെ സ്പീഡ് ഗവർണർ ഘടിപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. കേരളത്തിലെ വാഹനങ്ങൾ

അന്യ സംസ്ഥാനങ്ങളിൽ പോയി രജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

87 (*371) ഹോമിയോപ്പതി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഹോമിയോപ്പതി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഹോമിയോപ്പതി വകുപ്പിനുകീഴിലുള്ള ഡിസ്പെൻസറികളിലും ആശുപത്രികളിലും ആവശ്യമായ ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്നും 120 റൂറൽ ഹോമിയോ ഡിസ്പെൻസറികളിൽ അടിസ്ഥാന ക്ളിനിക്കൽ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. 11 ഗവൺമെന്റ് ഹോമിയോ ആശുപത്രികളിൽ ലബോറട്ടറി സൗകര്യങ്ങളും 11 ആശുപത്രികളിൽ ട്രാക്ഷൻ യൂണിറ്റുകളും രണ്ട് പ്രധാന ആശുപത്രികളിൽ അൾട്രാസൗണ്ട് സ്കാനർ യൂണിറ്റുകളും രണ്ട് ആശുപത്രി ലബോറട്ടറികളിൽ ആട്ടോ അനലൈസറുകളും ലഭ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ലബോറട്ടറികളിലേയ്ക്ക് ഉപകരണങ്ങൾ, കെമിക്കൽസ്, റീ-ഏജന്റ് എന്നിവ ലഭ്യമാക്കുന്നതിലേയ്ക്കായി 1.70 ലക്ഷം രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി 2004-ൽ ആരംഭിച്ച ദ്രുതകർമ്മ പകർച്ചവ്യാധി നിയന്ത്രണ സെൽ-ഹോമിയോപ്പതി അഥവാ 'റീച്ച്' ഹോമിയോപ്പതി ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ബോധവത്കരണം, പ്രതിരോധ ഔഷധവിതരണം എന്നിവ ഉൾപ്പെടെയുള്ള

മെഡിക്കൽ ക്യാമ്പുകൾ ഏത് അടിയന്തിര ഘട്ടത്തേയും നേരിടത്തക്ക വിധത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ 2 എണ്ണം സർക്കാർ മേഖലയിലും 3 എണ്ണം സ്വകാര്യ മേഖലയിലുമാണ്. തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർക്കാണ് ഈ കോളേജുകളുടെ നിയന്ത്രണം.

88 (* 374) <u>പ്രതിരോധ വകുപ്പിന് യന്ത്രസാമഗ്രികൾ നിർമ്മിക്കാൻ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹകരണം</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പ്രതിരോധ വകുപ്പിന് ആവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിച്ച് നൽകുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി സഹകരിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയുമായി സംസ്ഥാന മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും നടത്തിയ ചർച്ചയിൽ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. കെൽടെക്, കെൽട്രോൺ, എസ്.ഐ.എഫ്.എൽ. എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രതിരോധ വകുപ്പിന് ആവശ്യമുള്ള Space and Defence related equipments, Vikas Engines, Titanium Gas Bottles, L.G.O. Tankages, Power Systems, Mines, Transducers, Electronic Hardwares, Thermal shrouds എന്നീ യന്ത്രസാമഗ്രികൾ നിർമ്മിക്കാൻ കഴിയും. പാലക്കാട് ഐ.ടി.ഐ. കേന്ദ്രീകരിച്ച് ഒരു ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര പ്രതിരോധ വകുപ്പിന് നിവേദനവും സമർപ്പിച്ചി ട്ടുണ്ട്.

89 (*375) <u>ചെറുകിട-വൻകിട വ്യവസായങ്ങൾ</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പുതുതായി 2428 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. 18-5-2006 മുതൽ 19-3-2007 വരെ 1073 വൻകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 33 എണ്ണം പൊതുമേഖലയിലും 1040 എണ്ണം സ്വകാര്യ മേഖലയിലുമാണ്.

90 (* 376) <u>ഔഷധങ്ങളുടെ അമിത ഉപയോഗം</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ആശുപത്രികളിൽ ഓരോ രോഗത്തിനും ആവശ്യത്തിലധികം ഔഷധങ്ങൾ കുറിച്ചുകൊടുക്കുന്നത് സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചു. എല്ലാ മരുന്നുകൾക്കും അനഭിലഷണീയമായ പാർശ്വഫലങ്ങളുണ്ട്. മരുന്നുകളുടെ അമിതമായ ഉപ യോഗം ക്യാൻസർ, ഡയബറ്റിസ് തുടങ്ങിയ രോഗങ്ങൾക്ക് വഴിവയ്ക്കും. ഇതിനെതിരെ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതാണ്. ഔഷധങ്ങ ളെക്കുറിച്ച് യഥാർത്ഥ അറിവ് പൊതുജനങ്ങൾക്കും ഡോക്ടർമാർക്കും നൽകുന്നതിനായി ഡ്രഗ്സ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുവാൻ നടപടികൾ എടുത്തുവരുന്നു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

110 (2657) <u>സൗജന്യ പാസ്സുകൾ</u>

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ താഴെപ്പറയുന്നവർക്ക് സൗജന്യ പാസ്സുകൾ അനുവദിച്ചിട്ടുണ്ട്:

1. അർജ്ജുന അവാർഡ് ജേതാക്കൾ
2. ദ്രോണാചാര്യ അവാർഡ് ജേതാക്കൾ
3. കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് അംഗങ്ങൾ
4. കെ.എസ്.ആർ.ടി.സി.യുടെ മുൻ അനൗദ്യോഗിക അംഗങ്ങൾ
5. എം.എൽ.എ.മാർക്കും മുൻ എം.എൽ.എ.മാർക്കും
6. എം.പി.മാർക്കും മുൻ എം.പി.മാർക്കും
7. 70 വയസ്സ് കഴിഞ്ഞ മുൻ എം.എൽ.എ.യെ അനുഗമിക്കുന്നയാൾ
8. പി.സി.ആർ.എ. ട്രെയിനിംഗ് നൽകുവാൻ നിയോഗിക്കപ്പെടുന്ന സർവ്വകലാശാല അദ്ധ്യാപകർ
9. കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത യൂണിയനുകളുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി
10. കേന്ദ്ര ഗവൺമെന്റ് അവാർഡ് ജേതാവ്
11. അന്ധർ
12. സ്വാതന്ത്ര്യസമര സേനാനികൾക്കും അവരുടെ വിധവകൾക്കും
13. ഏജീസ് ആഫീസിലെ റസിഡൻഷ്യൽ ആഡിറ്റ് വിഭാഗം ജീവനക്കാർ
14. മുൻ ചെയർമാൻ
15. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും കെ.എസ്.ആർ.ടി. സി.യിൽനിന്നും റിട്ടയർ ചെയ്ത ജീവനക്കാർക്കും

താഴെപ്പറയുന്നവർക്ക് സൗജന്യ നിരക്കിലുള്ള പാസ്സുകൾ അനുവദിച്ചിട്ടുണ്ട്:

1. അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർ
2. വികലാംഗർ
3. ബധിര–മൂകർ

അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർക്ക് കൊടുക്കുന്ന പാസ്സിന്റെ വിലയായി ഒരാളിന് ഒരു മാസത്തേയ്ക്ക് 125 രൂപ എന്ന നിരക്കിൽ സർക്കാർ അനുവദിക്കുന്നുണ്ട്. സൗജന്യ പാസ്സുകൾ, സൗജന്യ നിരക്കിലുള്ള പാസ്സുകൾ എന്നിവ മുഖേന കെ.എസ്.ആർ.ടി.സി.ക്ക് പ്രതിവർഷം ഏകദേശം 69 കോടി രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്.

111 (2668) <u>ബസ്സ് ബോഡി നിർമ്മാണം</u>

കെ.എസ്.ആർ.ടി.സി. ഉദ്ദേശം 1000 പുതിയ ബസ്സുകൾ വാങ്ങിക്കാൻ ഉദ്ദേശിക്കുന്നതിൽ 900–ഓളം ബസ്സുകൾക്ക് കെ.എസ്.ആർ.ടി.സി.യുടെ 5 വർക്ക്ഷോപ്പുകളിൽ വച്ച് സമയബന്ധിതമായി ബോഡി ബിൽഡിംഗ്

ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യുടെ ബോഡി നിർമ്മാണ യൂണിറ്റുകൾവഴി 301 ബസ്സുകൾ പുറത്തിറക്കുകയുണ്ടായി.

112 (2861) കുഴൽക്കിണറുകൾ

സംസ്ഥാനത്ത് 28–2–2007 വരെ ഭൂജലവകുപ്പ് മൊത്തം 21410 കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്. ഭൂജലവകുപ്പിനുപുറമെ ഗ്രാമ–ബ്ളോക്ക്–ജില്ലാ പഞ്ചായത്തുകളും കേരള വാട്ടർ അതോറിറ്റിയും കുഴൽക്കിണർ നിർമ്മാണം നടത്തുന്നുണ്ട്. ഉപയോഗശൂന്യമായ കുഴൽക്കിണറുകൾ നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

113 (2873) ജലനിധി പദ്ധതി

ജലനിധി പദ്ധതി പ്രകാരം ഏറ്റെടുത്ത 112 പഞ്ചായത്തുകളിൽ 58 പഞ്ചായത്തുകളിൽ പണി പൂർത്തീകരിക്കുകയും 54 പഞ്ചായത്തുകളിലെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്. ഈ പദ്ധതിക്കായി 2007 ജനുവരി 31 വരെ ആകെ 300.90 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിഹിതമായി ആകെ 50.08 കോടി രൂപ ലഭിച്ചിട്ടുണ്ട്.

114 (2875) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ നടത്തിപ്പിനായി 13,67,40,317 രൂപ അനുവദിച്ചിട്ടുണ്ട്.